കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും വകുപ്പുകൾക്ക്/ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം, 2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ അവ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സേവനാവകാശ ചട്ടം 6 പ്രകാരം നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ. ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റീച്വർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ആവശ്യത്തിനുള്ള ഭൗതിക സാഹചര്യം ഏർപ്പെടുത്തിവരുന്നു.

മന്ത്രിമാരുടെ ആവശ്യാർത്ഥം വാങ്ങിയ വാഹനങ്ങൾ

14 (3107) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ആവശ്യാർത്ഥം എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി;

(ബി) ഈ ഇനത്തിൽ ഖജനാവിൽ നിന്ന് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ആവശ്യാർത്ഥം 23 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ ഇനത്തിൽ ഖജനാവിൽനിന്ന് 3,05,63,045 രൂപ ചെലവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly